**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5447** **24-03-2025 - ൽ മറുപടിയ്ക്ക്**

**വാലിഡേഷൻ ഓഫ് അഗ്രിക്കൾച്ചർ ഡാറ്റാ ബാങ്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കെ.എസ്.ആർ.ഇ.സി. നടപ്പിലാക്കുന്ന വാലിഡേഷൻ ഓഫ് അഗ്രിക്കൾച്ചർ ഡാറ്റാ ബാങ്ക് പദ്ധതിയിൽ ആകെ എത്ര കൃഷിഭവനുകളുടെ ഡാറ്റാ ബാങ്കുകളാണ് വാലിഡേറ്റ് ചെയ്യാനുള്ളത്; | (എ) | കൃഷി ഓഫീസർമാർ കൈമാറിയ 500 എണ്ണത്തിൽ 18.03.2025 വരെ, 480 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നാളിതുവരെ എത്ര കൃഷിഭവനുകളുടെ ഡാറ്റാ ബാങ്ക് വാലിഡേഷൻ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | കൃഷി ഓഫീസർമാർ കൈമാറിയ 500 എണ്ണത്തിൽ 18.03.2025 വരെ, 480 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയാണ് കെ.എസ്.ആർ.ഇ.സി.-ക്ക് ലഭ്യമായത്; വ്യക്തമാക്കാമോ; | (സി) | ഒരു കൃഷി ഭവന് 40,000/-രൂപ നിരക്കിൽ 500 കൃഷി ഭവനുകൾക്കായി 200 ലക്ഷം രൂപ കൃഷി വകുപ്പ് സെന്ററിന് കൈമാറിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് ഓരോ ഘട്ടത്തിലും 50 ലക്ഷം രൂപ വീതം 4 ഘട്ടങ്ങളിലായി 2 കോടി രൂപ ലഭിച്ചിട്ടുണ്ട്. 3 ഘട്ടങ്ങളിലായി ചെലവഴിച്ച 1.5 കോടി രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൃഷി വകുപ്പിന് കൈമാറിയിട്ടുണ്ട്. 4-ാ ം ഘട്ടത്തിൽ ശേഷിക്കുന്ന കൃഷി ഭവനുകളുടെ ഡാറ്റാബാങ്ക് വാലിഡേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകിയ ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൃഷി വകുപ്പിന് നൽകുന്നതാണ്. |
| (ഇ) | നാളിതുവരെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 അനുസരിച്ച് എത്ര അപേക്ഷകൾ കെ.എസ്.ആർ.ഇ.സി.-ൽ തീർപ്പാക്കാതെ ഉണ്ടെന്നും ഇവ എന്നത്തേക്ക് തീർപ്പാക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ഇ) | 2016 മുതൽ 2025 ഫെബ്രുവരി 28 വരെ 49292 അപേക്ഷകൾ ലഭിച്ചതിൽ 7646 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.തീർപ്പാക്കാനുള്ള അപേക്ഷകളിൽ അപാകതകൾ /ന്യൂനതകൾ ഉള്ള അപേക്ഷകൾ അവ പരിഹരിച്ച് തിരികെ ലഭിക്കുന്ന മുറയ്ക്കും, മറ്റുള്ള അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടെയും തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ